കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ് - കർഷക ക്ഷേമം- നെൽക്കർഷകർക്കായി നടപ്പിലാക്കി വരുന്ന പെൻഷൻ പദ്ധതി ചെറുകിട നാമമാത്ര കർഷകർക്കു കൂടി അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================

കൃഷി (ആസൂത്രണം - ബി) വകുപ്പ്

സ.ഉ.(എം.എസ്). 197/2011/കൃഷി തീയതി, തിരുവനന്തപുരം, 16.08.2011

===========================================================

പരാമർശം:- 31.01.2009-ലെ ജി.ഒ(പി) 22/09/കൃഷി നമ്പർ സർക്കാർ ഉത്തരവ്.

ഉത്തരവ്

കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്നതോടൊപ്പം കർഷക ക്ഷേമവും ഉറപ്പാക്കുകയെന്ന നയത്തിന്റെ ഭാഗമായി കിസാൻ അഭിമാൻ കർഷക ക്ഷേമ പദ്ധതിക്ക് പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. നിലവിൽ കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ 13713 നെൽക്കർഷകർക്ക് പ്രതിമാസം 300/- (മുന്നൂറു) രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു.

ചെറുകിട നാമമാത്ര കർഷകർക്കു കൂടി ഇതേ മാതൃകയിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി.

ഒരു ഹെക്ടറിന് താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരും ഭൂരിഭാഗവും ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരുമാണ്. എന്നാൽ ഇവർ സംസ്ഥാനത്തിൻെറ സാമ്പത്തിക വികസനത്തിന് വലിയൊരു പങ്ക് വഹിക്കുന്നു. മറ്റ് മേഖലകളിലെ സംഘടിത വിഭാഗങ്ങൾക്ക് ലഭ്യമാകുന്ന പെൻഷനും മറ്റ് ആനുകൂല്യങ്ങളും ഇവർക്ക് ലഭ്യമാകുന്നില്ല. ഈ സാഹചര്യത്തിൽ ഒരു ഹെക്ടറോ അതിനു താഴെയോ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർക്ക് മാസത്തിൽ മുന്നൂറു രൂപ നിരക്കിൽ പെൻഷൻ അനുവദിക്കുന്ന കാര്യം സർക്കാർ വിശദമായ പരിശോധിച്ചു.

ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി നിലവിൽ കൃഷി വകുപ്പിൻെറ ബഡ്ജറ്റിൽ ഇരുന്നൂറ്റി എട്ട് ലക്ഷം രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളു. നിലവിൽ നെൽകർഷകർക്ക് പെൻഷൻ നൽകുന്നതിന് അധികമായി ഇരുന്നൂറ്റി എൺപത്തിയഞ്ച് ലക്ഷം രൂപ കൂ